**പതിമൂന്നാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3711 19.02.2013-ൽ മറുപടിയ്ക്ക്.

**<u>വനമേഖലയുടെ സമഗ്രവികസനം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ വനമേഖലയുടെ സമഗ്രവികസനത്തിനു വേണ്ടി കേന്ദ്രത്തിന്റെയോ, മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയോ പിന്തുണയോടെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) 100%, 75%, 50% കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ധനസഹായത്തോടെ വനമേഖലയുടെ സമഗ്രവികസനം നടത്തി വരുന്നു. |
| (ബി) ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി, ലോകബാങ്ക് എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതികളും, ഇന്ത്യാ എക്കോ ഡെവലപ്പ്മെന്റ് പ്രൊജക്ട്, കേരളാ സോഷ്യൽ ഫോറസ്ട്രി പ്രോജക്ട് എന്നിവയും ഇപ്പോഴും തുടരുന്നുണ്ടോ; | (ബി) ഈ പദ്ധതികൾ ഇപ്പോൾ തുടരുന്നില്ല. |
| (സി) ഇത്തരം പദ്ധതികൾകൊണ്ട് എന്തെല്ലാം പ്രയോജനങ്ങളാണ് ഉണ്ടായിട്ടുള്ളത്; ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ? | (സി) ലോകബാങ്കിന്റെ സഹായത്തോടെ, വന്യജീവി വിഭാഗം, ഇന്ത്യാ ഇക്കോ ഡവലപ്മെന്റ് പ്രോജക്ട് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയിലൂടെ പൊതുജന പങ്കാളിത്തത്തോടെ ജൈവ വൈവിധ്യം സംരക്ഷിക്കാനും, സമീപവാസികളായ ജനസമൂഹത്തിൽ നിന്നും വനത്തിനുണ്ടാകുന്ന ആഘാതം കുറയ്ക്കുവാനും, സ്ഥായിയായ വരുമാന മാർഗ്ഗങ്ങളും തൊഴിൽ ലഭ്യതയും ഉറപ്പാക്കി ജനങ്ങളെ വനസംരക്ഷണ പ്രക്രിയയിൽ പങ്കാളികളാക്കാനും, ഇക്കോ ഡവലപ്മെന്റ് പ്രവർത്തനങ്ങൾക്കു വേണ്ട സഹകരണം ഉറപ്പാക്കുവാനും, ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുവാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംരക്ഷിത മേഖലയുടെ കാര്യക്ഷമമായ പരിപാലനം, |

ഗ്രാമ പരിസ്ഥിതി വികസനം, പരിസ്ഥിതി വിദ്യാഭ്യാസം, ബോധവൽക്കരണം, ഗവേഷണ പഠനങ്ങൾ എന്നിവ നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്. വൃക്ഷവൽക്കരണം മുഖേന സ്വാഭാവിക വനങ്ങളിന്മേലുള്ള ആശ്രയത്വം കുറയ്ക്കുന്നതിനും, ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും, തടി സംബന്ധമായ ആവശ്യങ്ങൾക്ക് സ്വയം പര്യാപ്തത നേടുന്നതിനും, ആഗോള താപനം, കാലാവസ്ഥാ മാറ്റം എന്നിവയ്ക്ക് പരിഹാരമുണ്ടാകുന്നതിനും കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം തന്നെ ഈ വിഷയങ്ങളിൽ പൊതു സമൂഹത്തിന് ബോധവൽക്കരണം നടത്തുന്നതിനും കേരളാ സോഷ്യൽ ഫോറസ്ട്രി പ്രോജക്ട് പ്രയോജനപ്പെട്ടിട്ടുണ്ട്. ടി സംരംഭങ്ങളിലൂടെ ഭൂമിക്ക് മേലുള്ള ഹരിത കവചത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.